## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 301      24-06-2013 ൽ മറുപടിക്ക്

### ലഹരി പദാർത്ഥങ്ങളുടെ വില്പന തടയുന്നതിന് നടപടി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. സാജു പോൾ<br>ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കഞ്ചാവ്, പാൻപരാഗ് മുതലായ ലഹരി പദാർത്ഥങ്ങളുടെ വിൽപന വ്യാപിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. നിരോധിക്കപ്പെട്ട കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ വ്യാപനം / ഉപയോഗത്തിനെതിരെ അതിശക്തമായ നടപടികൾ, എക്സൈസ് വകുപ്പ്, പോലീസ്, വനം, റവന്യൂ എന്നീ വകുപ്പുകളുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ കൈക്കൊണ്ടു വരുന്നതിനാൽ, ലഹരി പദാർത്ഥങ്ങളുടെ വ്യാപനം തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. പാൻപരാഗ് മുതലായ പുകയില ചേർന്ന ഉല്പന്നങ്ങൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതും, പരസ്യം ചെയ്യുന്നതും, വില്ക്കുന്നതും, കൈവശം വയ്ക്കുന്നതും നിരോധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 യാർഡ് ചുറ്റളവിനുള്ളിൽ ഇവയുടെ വില്പന നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ടും, ഈ നിബന്ധന ലംഘിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും, ലംഘിക്കുന്നവർക്കെതിരെ, 'കോപ്റ്റ' നിയമമനുസരിച്ച് നടപടി സ്വീകരിക്കുന്നതിനും, സ്കൂൾ ഹെഡ്മാസ്റ്റർ ചെയർമാനായും, പി.റ്റി.എ. പ്രസിഡന്റ്, എം.പി.റ്റി.എ.-യിലെ അദ്ധ്യാപക കോർഡിനേറ്റർ, പ്രദേശത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്.ഐ. ഓഫ് പോലീസ്), സ്കൂൾ ലീഡർ എന്നിവർ ഉൾപ്പെടുന്ന സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റിയും, ജില്ലാ കളക്ടർ ചെയർപേഴ്സണും, ജില്ലാ പോലീസ് ചീഫ്, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർ മെമ്പർമാരായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും, ആഭ്യന്തര വകുപ്പ് സെക്രട്ടറി (ചെയർപേഴ്സൺ), ആരോഗ്യ കുടുംബക്ഷേമ .വകുപ്പ് സെക്രട്ടറി, പൊതു വിദ്യാഭ്യാസ സെക്രട്ടറി, സ്റ്റേറ്റ് പോലീസ് ചീഫ് എന്നിവർ മെമ്പർമാരും, പൊതു വിദ്യാഭ്യാസ ഡയറക്ടർ കൺവീനറുമായി സംസ്ഥാനതല മോണിറ്ററിംഗ് സമിതിയും, 17-05-2012-ലെ ജി.ഒ. (ആർറ്റി)നം.1479/2012/ആഭ്യന്തരം. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.<br>സിഗരറ്റ് ആന്റ് അദർ റ്റുബാക്കോ പ്രോഡക്ട്സ് (പ്രൊഹിബിഷൻ അഡ്വർടൈസ്മെന്റ് ആന്റ് റഗുലേഷൻ ഓഫ് ട്രെയ്ഡ് ആന്റ് കൊമേഴ്സ്, പ്രൊഡക്ഷൻ, സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ('കോപ്റ്റ') ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കുന്നതായി വിവരം ലഭിച്ച് 15 ദിവസത്തിനകം സ്കൂൾ പ്രൊട്ടക്ഷൻ സമിതി ഇക്കാര്യത്തിൽ നടപടി കൈക്കൊള്ളാനും അത്തരത്തിൽ പ്രവർത്തിക്കാത്ത സ്കൂൾ പ്രൊട്ടക്ഷൻ സമിതികൾക്കെതിരെ നടപടിയെടുക്കുന്നതിനും |

അവയുടെ പ്രവർത്തനം വിലയിരുത്താനും, സമയാസമയത്ത് പ്രസ്തുത കമ്മിറ്റികളിലെ നിയമലംഘകർക്കെതിരെ, സ്കൂളിൽ പരിശോധന നടത്തി നടപടിയെടുക്കുന്നതിന് ജില്ലാതല മോണിറ്ററിംഗ് സമിതിക്കും, ജില്ലാതല സമിതികളുടെ പ്രവർത്തനം വിലയിരുത്താനും നടപടിയെടുക്കാനും, സംസ്ഥാനതല മോണിറ്ററിംഗ് സമിതിക്കും അധികാരം നൽകിക്കൊണ്ടും ഉത്തരവായിട്ടുണ്ട്. പുകയിലയും നിക്കോട്ടിൻ എന്നിവ അടങ്ങിയ ഗുഡ്ക, പാൻമസാല തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം, സംഭരണം, വിതരണം, വില്പന എന്നിവ 2011-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് (പ്രൊഹിബിഷൻ ആന്റ് റസ്ട്രിക്ഷൻ ഓൺ സെയിൽസ്) റഗുലേഷനിലെ 2, 3, 4 എന്നീ റഗുലേഷനുകളനുസരിച്ച് സംസ്ഥാനത്ത് നിരോധിച്ചുകൊണ്ട് 22-05-2012-ലെ A/1327/2012/CFS നമ്പർ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ഇവയുടെ വരവ് നിയന്ത്രിക്കുന്നതിലുണ്ടായ വീഴ്ചകൾ പരിഹരിക്കുമോ;

(ബി) മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും അമിത വ്യാപനം തടയുന്നതിന് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനവും, ബോർഡർ പട്രോളിംഗും, അതിർത്തി പ്രദേശങ്ങളിലെ ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധന നടത്തിയും, ഹൈവേ പട്രോളിംഗ്, രാത്രികാല പട്രോളിംഗും തീരദേശ പട്രോളിംഗും ശക്തിപ്പെടുത്തി വ്യാജമദ്യം, സ്പിരിറ്റ്, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ നടപടിയെടുത്തു വരുന്നതിലൂടെ ഇവയുടെ വ്യാപനം തടയാൻ കഴിഞ്ഞിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാന തലത്തിലും, ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുള്ള ജനകീയ സമിതികളുടെ പ്രവർത്തനം മൂലം മയക്കുമരുന്നിന്റെയും, സ്പിരിറ്റ് / വ്യാജമദ്യത്തിന്റെയും വ്യാപനം തടയാൻ കഴിഞ്ഞിട്ടുണ്ട്.

കഞ്ചാവ്, പാൻപരാഗ് എന്നിവയുടെ വില്പനയും ഉപയോഗവും സംസ്ഥാനത്ത് കർശനമായി നിരോധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനധികൃത കഞ്ചാവ് തോട്ടങ്ങളിൽ എക്സൈസ്, പോലീസ്, വനം, റവന്യൂ വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്ത റെയ്ഡുകൾ നടത്തിയും, റെയിൽവേ സ്റ്റേഷൻ, വിമാനത്താവളം, ബസ് ടെർമിനലുകൾ എന്നീ മാർഗ്ഗങ്ങളിലൂടെയുള്ള മയക്കുമരുന്ന് കടത്ത് തടയുന്നതിന്, എക്സൈസ്, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, കസ്റ്റംസ്, സെയിൽസ് ടാക്സ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ കർശന പരിശോധനകൾ നടത്തി വരുന്നുമുണ്ട്.

(സി) സംസ്ഥാനത്തെ യുവാക്കളെയും വിദ്യാർത്ഥികളെയും ലക്ഷ്യമിട്ട് വ്യാപകമായിരിക്കുന്ന ലഹരി പദാർത്ഥങ്ങളും അവയുടെ സ്രോതസ്സുകളും കണ്ടെത്തി, ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) സ്വീകരിക്കുന്നതാണ്. മയക്കുമരുന്ന് കൈവശം വയ്ക്കുന്നതിന് ശിക്ഷാ നിയമത്തിൽ കർശന വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനുള്ള നിയമ ഭേദഗതി നിർദ്ദേശം, കേന്ദ്രസർക്കാരിന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മദ്യത്തിന്റെ അമിത വ്യാപനം തടയുന്നതിന്, ഭാവി തലമുറയെ ലഹരിക്കടിമപ്പെടുന്ന സാഹചര്യങ്ങളിൽ നിന്നും മോചിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള മദ്യനയമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന മദ്യ/മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ, സമൂഹത്തിന്റെ എല്ലാ മേഖലകളിലുംപെട്ട ജനങ്ങളുടെയും, സർക്കാർ / സർക്കാരിതര ഏജൻസികളുടെയും സഹകരണത്തോടെ, വിപുലമായ ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്.

മദ്യവ്യാപനം തടയുന്നതിനും, ബോധവൽക്കരണത്തിലൂടെ ഘട്ടംഘട്ടമായുള്ള മദ്യവർജ്ജനം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയുമാണ് സർക്കാർ മദ്യനയം പ്രഖ്യാപിക്കുന്നത്. ഈ സാമൂഹ്യ വിപത്ത് ഉന്മൂലനം ചെയ്യുന്നതിന് മദ്യനിരോധനം ശാശ്വതമായ പരിഹാരമല്ലെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ മദ്യവർജ്ജനത്തിലൂടെ ജനങ്ങളെ മദ്യത്തിന്റെ ഉപഭോഗത്തിൽ നിന്നും, തദ്വാര, ഇതിന്റെ ദൂഷ്യഫലങ്ങളിൽ നിന്നും മോചിതരാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി, മദ്യം വാങ്ങുന്നതിനും വില്ക്കുന്നതിനുമുള്ള പ്രായപരിധി നിലവിലെ 18 വയസ്സിൽ നിന്നും 21 വയസ്സായി നിശ്ചയിച്ചും, സിനിമകളിലെ മദ്യപാന രംഗങ്ങളിൽ, മദ്യ മയക്കുമരുന്ന് ഉപഭോഗം ആരോഗ്യത്തിന് ഹാനികരം എന്ന നിയമപരമായ മുന്നറിയിപ്പ് പ്രദർശിപ്പിച്ചിരിക്കണമെന്നും വ്യവസ്ഥ ചെയ്തുകൊണ്ടും, ഇത് ലംഘിക്കുന്നപക്ഷം കർശന ശിക്ഷ നിഷ്കർഷിച്ചുകൊണ്ടും അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗവും അനധികൃത വിൽപനയും തടയുന്നതിനുള്ള സംവിധാനങ്ങളുടെ പ്രവർത്തനം നിലച്ചുപോയിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ? | (ഡി) | ബോധവൽക്കരണ പരിപാടികൾക്കായി 2012-13 വർഷത്തിൽ 89,41,085/-രൂപ വിനിയോഗിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കും മദ്യ/മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചിത്രരചന, പോസ്റ്റർ മത്സരം, മാജിക്ഷോ, കൂട്ടഓട്ടം, ദൃശ്യ-അച്ചടി മാദ്ധ്യമങ്ങളിലൂടെ നിരന്തരം പരസ്യങ്ങൾ നൽകുകയും, സ്കൂൾ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണത്തിനായി അധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള കൈപ്പുസ്തകത്തിന്റെ 30,000 കോപ്പി പ്രസിദ്ധീകരിക്കുന്നതിന് SCERT -ക്ക് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഏറ്റവും മികച്ച ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനം നടത്തുന്ന ക്ലബ്ബിനും സന്നദ്ധ പ്രവർത്തകനും ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. NSS, SPC, കുടുംബശ്രീ എന്നീ സംഘടനകളെയും, റസിഡന്റ്സ് അസോസിയേഷനുകളുടെയും സർക്കാർ വകുപ്പുകളുടെയും പോലീസ്, വനം, റവന്യൂ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയും ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. NSS -ന്റെ പ്രവർത്തനങ്ങൾക്കായി 10,37,760 രൂപയും, അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന് 4.54 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാന തലത്തിൽ വിവിധ തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂൾ / കോളേജുകളിൽ ജൂൺ 26-ന് ലഹരി വിരുദ്ധ പ്രതിജ്ഞയെടുക്കുന്നുണ്ട്. കൂടാതെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി മാദ്ധ്യമങ്ങളിലൂടെ ബഹു. മുഖ്യമന്ത്രി പൊതുവായ ലഹരി വിരുദ്ധ സന്ദേശം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ